## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1111** **12-06-2024 - ൽ മറുപടിയ്ക്ക്**

## മഞ്ചേരിയിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരിയിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി, പയ്യനാട് തടപ്പറമ്പ് കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിക്കാതെ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ നീണ്ടുപോകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | മേൽ പദ്ധതിയുടെ അരീക്കോടുള്ള റോ വാട്ടർ പമ്പ് ഹൗസിലും മഞ്ചേരി ചെരണിയിലുള്ള ക്ലിയർ വാട്ടർ പമ്പ് ഹൗസിലും സ്ഥാപിച്ച പുതിയ പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള വൈദ്യുതി കണക്ഷന്റെ കോൺട്രാക്ട് ഡിമാൻറ് ഉയർത്തേണ്ടതുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമായാൽ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്. എന്നാൽ മേൽ പമ്പ് ഹൗസുകളിലെ നിലവിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടവാക്കുന്ന മുറക്ക് മാത്രമേ കോൺട്രാക്ട് ഡിമാന്റ് വർദ്ധിപ്പിച്ച് നൽകാൻ കഴിയൂ എന്ന് കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്. 12-03-2024 ലെ ഊർജ്ജവകുപ്പിന്റെ ഉത്തരവ് പ്രകാരം 31-10-2023 വരെയുള്ള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി കുടിശ്ശികയായ 2068.00 കോടി രൂപ സർക്കാർ സെറ്റിൽ ചെയ്തു. ഇതിന് പുറമേ ഈ സ്കീമുകളുടെ കണക്ഷനുമായി ബന്ധപ്പെട്ട കുടിശ്ശിക ഇനത്തിൽ 3,22,45,184/- രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഇന്നേവരെ കെ.എസ്.ഇ.ബി.യുടെ ഭാഗത്തുനിന്നും കോൺട്രാക്ട് ഡിമാന്റ് വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.<br><br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേരി നഗരസഭയിലെ കാലപ്പഴക്കം ചെന്ന എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 16.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭ്യമാകാത്ത ഏകദേശം 5 കി.മീറ്ററോളം വരുന്ന ഭാഗങ്ങൾ ഒഴികെ പൈപ്പുകൾ സ്ഥാപിച്ച് റോഡ് |

| | | | |
|---|---|---|---|
| | | | റെസ്റ്റോറേഷനും പൂർത്തിയാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കി ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. ആയതിനുവേണ്ട വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ജലവിഭവ വകുപ്പിന്റെ മഞ്ചേരിയിലെ പ്രവൃത്തികൾ പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | മഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള എല്ലാ പ്രവർത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭ്യമായാൽ ബാക്കി പ്രവർത്തികൾ പൂർത്തീകരിക്കാവുന്നതാണ്. കെ.എസ്.ഇ.ബിയിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭ്യമായാൽ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ